## പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3553 | 20.06.2018 ൽ മറുപടിയ്ക്ക് |
|---|---|
| **ഗർഭിണികൾക്കുള്ള ആനുകൂല്യങ്ങൾ** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.ജോർജ്ജ്.എം.തോമസ്** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) വിവിധ പദ്ധതികളിലായി ഗർഭിണികൾക്ക് എന്തൊക്കെ സഹായങ്ങളും ആനുകൂല്യങ്ങളുമാണ് നൽകുന്നതെന്ന് വിശദമാക്കുമോ; | (എ)<br>(1) **പ്രധാനമന്ത്രി മാതൃത്വ വന്ദന യോജന പദ്ധതി (PMMVY)**:-<br>സ്ത്രീകൾക്ക് അവരുടെ ആദ്യ കുഞ്ഞിനെ ഗർഭം ധരിച്ചിരിക്കുന്ന കാലയളവിലും പ്രസവാനന്തരവും അവർക്കുണ്ടാകുന്ന വേതന നഷ്ടം ഭാഗികമായി നികത്തുക എന്ന ലക്ഷ്യത്തോടെയും ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും മെച്ചപ്പെട്ട ആരോഗ്യം നേടാൻ ഉപയുക്തമാകുന്നതിനുമായി പ്രധാനമന്ത്രി മാതൃത്വ വന്ദന യോജന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഗർഭിണികൾക്കും പാലൂട്ടുന്ന അമ്മമാർക്കും അവരുടെ ആദ്യ പ്രസവത്തിന് മാനദണ്ഡങ്ങൾക്ക് വിധേയമായി 5000/- രൂപ 3 ഗഡുക്കളായി ആധാർ സീഡഡ് ബാങ്ക് അക്കൗണ്ടിലേയ്ക്ക് PFMS വഴി നേരിട്ട് നിക്ഷേപിക്കുന്നു. ഈ പദ്ധതിക്കായി കേന്ദ്രവും സംസ്ഥാനവും 60:40 എന്ന അനുപാതത്തിലാണ് തുക വകയിരുത്തുന്നത്.<br>(2) **ജനനി ശിശു സുരക്ഷാ കാര്യക്രമ പദ്ധതി(JSSK)**:-<br>**(അമ്മയും കുഞ്ഞും പദ്ധതി)**<br>ഗർഭധാരണം മുതൽ പ്രസവം കഴിയുന്നത് വരെയുള്ള സൗജന്യ ചികിത്സ, മരുന്ന്, ലാബ് ടെസ്റ്റ്, യാത്രാസൗകര്യം തുടങ്ങിയവ എ.പി.എൽ/ബി.പി.എൽ വ്യത്യാസമില്ലാതെ നൽകി വരുന്നു. ഈ പദ്ധതിയിൽ അംഗമാകാൻ പ്രത്യേക രേഖകൾ ഹാജരാക്കേണ്ടതില്ല. ആശുപത്രിയിൽ അഡ്മിറ്റ് ആകുന്ന മുറയ്ക്ക് പ്രസ്തുത ആനുകൂല്യം ലഭിച്ചു തുടങ്ങും. അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യസംരക്ഷണത്തിനായി ഏർപ്പെടുത്തിയ സൗജന്യ ചികിത്സാ പദ്ധതിയാണ് അമ്മയും |

| | |
|---|---|
| | കഴിഞ്ഞും പദ്ധതി ആശുപത്രിയിൽ ചികിത്സ തേടുന്ന എല്ലാ ഗർഭിണികളും 30 ദിവസം വരെയുള്ള നവജാത ശിശുക്കളുമാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ<br>(3) **രാഷ്ട്രീയ സ്വസ്ഥീയ ഭീമ യോജന (RSBY)**:- ടി സ്കീമിൽ ഉൾപ്പെട്ട ഗർഭിണി ആശുപത്രിയിൽ അഡ്മിറ്റ് ആകുന്ന മുറയ്ക്ക് പ്രസ്തുത ആനുകൂല്യം ലഭ്യമായി തുടങ്ങും. ടി പദ്ധതിയിലുൾപ്പെട്ട ഗർഭിണികൾക്ക് സൗജന്യ ഇൻഷ്വറൻസ്, യാത്രാനുകൂല്യം തുടങ്ങിയവ എ.പി.എൽ/ബി.പി.എൽ വ്യത്യാസമില്ലാതെ നൽകി വരുന്നു.<br>(4)**ജനനി സുരക്ഷ യോജന (JSY)**:-<br>ആശുപത്രിയിൽ നടക്കുന്ന പ്രസവങ്ങളെ പ്രോത്സാഹിപ്പിച്ച് മാതൃ മരണവും ശിശു മരണവും കുറയ്ക്കുന്നതിനുള്ള പദ്ധതിയാണ്. 19 വയസ്സിനു മുകളിലുള്ള ബി.പി.എൽ കുടുംബങ്ങളിലെ ഗർഭിണികളായ സ്ത്രീകളാണ് ടി പദ്ധതിയുടെ ഗുണഭോക്താക്കൾ. കൂടാതെ പട്ടികജാതി/പട്ടിക വർഗ്ഗത്തിൽപ്പെട്ട ഗർഭിണികളായ എല്ലാ സ്ത്രീകളും ഇതിന്റെ ഗുണഭോക്താക്കളാണ്. |
| (ബി) ഇതിന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ? | (ബി) പദ്ധതിയുടെ അർഹത മാനദണ്ഡം ചുവടെ ചേർക്കുന്നു.<br>**പ്രധാനമന്ത്രി മാതൃത്വ വന്ദന യോജന പദ്ധതി (PMMVY)**:-<br>➢ മറ്റേതെങ്കിലും പദ്ധതി പ്രകാരം മെറ്റേണിറ്റി ബെനിഫിറ്റ് ലഭിക്കുന്നവർക്കും കേന്ദ്ര/സംസ്ഥാന/പൊതു മേഖല സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ഗർഭിണികൾ/പാലൂട്ടുന്ന അമ്മമാർ ഒഴികെ മറ്റെല്ലാ ഗർഭിണികൾ/പാലൂട്ടുന്ന അമ്മമാർക്കും അവരുടെ ആദ്യ പ്രസവത്തിന് ധനസഹായത്തിന് അർഹതയുണ്ട്.<br>➢ അങ്കണവാടി വർക്കർ/ഹെൽപ്പർ/ആശാവർക്കർമാർ എന്നിവർക്കും നിബന്ധനകൾക്ക് വിധേയമായി ധനസഹായത്തിന് അർഹതയുണ്ട്.<br>➢ ഒന്നാം ഗഡു ആയ 1000/- രൂപ - ധനസഹായത്തിന് |

ASHA/ANM മുഖേന LMP ക്ക് ശേഷം 150 ദിവസത്തിനുള്ളിൽ പ്രഗ്നൻസി രജിസ്റ്റർ ചെയ്തിരിക്കണം. 01.01.2017 ന് 150 ദിവസം മുൻപ് LMP ഉള്ളവർക്കും അതായത് 06.08.2016 നും അതിന ശേഷവും LMP ഉള്ളവർക്കും മറ്റ് നിബന്ധനകൾ പാലിച്ചിട്ടുണ്ടെങ്കിൽ ഒന്നാം ഗഡുവിന് അർഹതയുണ്ട്.

- രണ്ടാം ഗഡു @2000/- രൂപ- ഗർഭാവസ്ഥ 6 മാസമായിരിക്കുകയും ഒരു ANC യെങ്കിലും ലഭിച്ച ഗർഭിണിയായ സ്ത്രീ ക്ക് രണ്ടാം ഗഡുവിന് അർഹതയുണ്ട്.
- മൂന്നാം ഗഡു @2000/- രൂപ - മൂന്നാം ഗഡു ലഭിക്കുന്നതിന് കുഞ്ഞിന്റെ ജനനം രജിസ്റ്റർ ചെയ്തിരിക്കണം കുട്ടിക്ക് First cycle of immunization നൽകിയിരിക്കണം (BCG. OPV, DPT, and Hepatitis B) MCP കാർഡിൽ രേഖപ്പെടുത്തലുകൾ അനിവാര്യം.
- പാലക്കാട് ജില്ലയിൽ മാത്രം നടപ്പിലാക്കിവരുന്ന മാതൃത്വ ധനസഹായ പദ്ധതിയായ (IGMSY) ഇന്ദിരാ ഗാന്ധി മാതൃത്വ സഹയോഗ് യോജന യിൽ രണ്ട് തുല്യ ഗഡുക്കളായി 6000/- രൂപയാണ് ധനസഹായം അനുവദിച്ചിരുന്നത്. 31.12.2016 യോടു കൂടി ടി പദ്ധതി നിർത്തലാക്കുകയും ഈ പദ്ധതിയിൽ ഒന്നാം ഗഡുവായി 3000/- രൂപ ലഭിച്ച ഗുണഭോക്താവിന് PMMVY പ്രകാരം മൂന്നാം ഗഡുവിന് മാത്രം നിബന്ധനകൾക്ക് വിധേയമായി അർഹതയുണ്ടായിരിക്കുന്നതുമാണ്. ഈ പദ്ധതി പ്രകാരം 01.01.2017 നോ അതിന മുൻപോ രജിസ്റ്റർ ചെയ്യുകയും ധനസഹായം ലഭ്യമാകാത്തതുമായ ഗുണഭോക്താക്കൾക്ക് PMMVY ൽ പുതുതായി രജിസ്റ്റർ ചെയ്യാവുന്നതുമാണ്.
- PMMVY പദ്ധതി പ്രകാരം ഗുണഭോക്താവിന്റെ ആധാർ സീഡിംഗ് ചെയ്യേണ്ടതുണ്ടെങ്കിലും ഒന്നും രണ്ടും ഗഡുക്കൾക്ക് മറ്റ് തിരിച്ചറിയൽ രേഖകൾ

ഉപയോഗിക്കാവുന്നതാണ്. എന്നാൽ 3-ാം ഗഡുവിന് ആധാർ നിർബന്ധമാണ്.

- ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് മാത്രമാണ് ഡിബിടി മുഖേന തുക നൽകുന്നത്, ജോയിന്റ് അക്കൗണ്ടിലേയ്ക്ക് ഡിബിടി നൽകുന്നതിന് വ്യവസ്ഥയില്ല.
- ഗുണഭോക്താവിന് ആദ്യ ഗഡു ലഭിച്ചതിന് ശേഷം Miss carriage സംഭവിച്ചാൽ രണ്ടാമത്തെ ഗർഭധാരണത്തിന് രണ്ടും മൂന്നും ഗഡുക്കൾ മാനദണ്ഡങ്ങൾക്ക് വിധേയമായി ലഭിക്കുന്നതാണ്.
- രണ്ടാം ഗഡു ലഭിച്ചതിന് ശേഷം പ്രസവത്തിൽ കുഞ്ഞ് മരിക്കുകയാണെങ്കിൽ അടുത്ത പ്രസവത്തിൽ 3-ാം ഗഡു മാനദണ്ഡങ്ങൾക്ക് വിധേയമായി ഗുണഭോക്താവിന് ലഭിക്കുന്നതാണ്.
- പ്രസവത്തിന് ശേഷം കുഞ്ഞിന് First cycle of immunization നൽകിയതിന് ശേഷം കുഞ്ഞ് മരിക്കുകയാണെങ്കിൽ ഗുണഭോക്താവിന് 3-ാം ഗഡുവിന് അർഹതയുണ്ടായിരിക്കുന്നതാണ്.
- Twins/Triplets/Quadruplets എന്നിങ്ങനെ കുഞ്ഞുങ്ങൾ ജനിക്കുന്ന കേസുകളിൽ ഒരു ലിവിങ്ങ് ചൈൽഡ് ആയി കണക്കാക്കിയാണ് ധനസഹായം അനുവദിക്കുന്നത്.
- ഒരു ഗുണഭോക്താവ് 1-ാം ഗഡു ധനസഹായം വാങ്ങിയതിന് ശേഷം താമസം മറ്റൊരു സ്ഥലത്തേയ്ക്ക് മാറിയാലും പുതിയ സ്ഥലത്ത് നിന്ന് ഗഡു 2 ഉം, 3 ഉം ഗഡു ധനസഹായം അർഹതയ്ക്ക് വിധേയമായി ലഭിക്കുന്നതാണ്.
- ഏതെങ്കിലും കാരണവശാൽ ഈ പദ്ധതി പ്രകാരം സാമ്പത്തിക സഹായത്തിന് അപേക്ഷിക്കാൻ വിട്ടുപോയവർക്ക്, മറ്റെല്ലാ നിബന്ധനകളും

പാലിക്കുകയാണെങ്കിൽ LMP കഴിഞ്ഞ് 730 ദിവസത്തിനുള്ളിൽ അപേക്ഷിക്കുകയാണെങ്കിൽ ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

- LMP തീയതി MCP കാർഡിൽ രേഖപ്പെടുത്താൻ വിട്ടു പോയാൽ ഒരു അപേക്ഷക കുഞ്ഞ് ജനിച്ച് 460 ദിവസത്തിനുള്ളിൽ മൂന്നാം ഗഡുവിന് അപേക്ഷിക്കുകയാണെങ്കിൽ ആയത് മാത്രം അനുവദിക്കുന്നതാണ്.
- നിബന്ധനകൾക്ക് വിധേയമായി, 06.08.2016 ന് മുമ്പ് ഗർഭിണിയായ ഒരു സ്ത്രീക്ക് രണ്ടും മൂന്നും ഗഡുക്കൾക്കും 3-ാം ഗഡുവിന് മാത്രമായും അർഹതയുണ്ടായിരിക്കും.

(i) LMP കഴിഞ്ഞ് 6 മാസം 01.01.2017 തീയതിയ്ക്ക് ശേഷമായിരിക്കണം - 2-ാം ഗഡു

(ii) പ്രസവം 01.01.2017 തീയതിയ്ക്ക് ശേഷമായിരിക്കണം - 3-ാം ഗഡു.

(iii) 01.04.2016 ന് മുമ്പ് LMP ഉള്ളവർക്ക് യാതൊരു കാരണവശാലും ഈ പദ്ധതി പ്രകാരം അപേക്ഷിക്കാൻ അർഹതയില്ല.

**ജനനി ശിശു സുരക്ഷാ കാര്യക്രമ പദ്ധതി(JSSK), ജനനി സുരക്ഷ യോജന (JSY)** - 19 വയസ്സിനു മുകളിലുള്ള ബി.പി.എൽ കുടുംബങ്ങളിലെ ഗർഭിണികളായ സ്ത്രീകളാണ് ടി പദ്ധതിയുടെ ഗുണഭോക്താക്കൾ.. കൂടാതെ പട്ടികജാതി/പട്ടിക വർഗ്ഗത്തിൽപ്പെട്ട ഗർഭിണികളായ എല്ലാ സ്ത്രീകൾക്കും ബിപിഎൽ സർട്ടിഫിക്കറ്റ് ഇല്ലെങ്കിൽ പോലും ഈ സേവനം ലഭ്യമാണ്. സർക്കാർ ആശുപത്രികളിലും പ്രത്യേക അംഗീകാരം നൽകിയ സ്വകാര്യ ആരോഗ്യ സ്ഥാപനങ്ങളിലെയും പ്രസവങ്ങൾക്കാണ് ഈ സൗകര്യം ലഭ്യമാകുന്നത്. നഗരങ്ങളിൽ നടക്കുന്ന പ്രസവങ്ങൾക്ക് 600/- രൂപയും ഗ്രാമങ്ങളിൽ വെച്ച് നടക്കുന്ന പ്രസവങ്ങൾക്ക് 700/- രൂപ വെച്ചും ഈ പദ്ധതി പ്രകാരം ധനസഹായം നൽകുന്നു. ഇതു കൂടാതെ

| | |
|---|---|
| | സാമ്പത്തിക നില പരിഗണിക്കാതെ എല്ലാ പട്ടിക ജാതി/പട്ടിക വർഗ്ഗത്തിൽപ്പെടുന്ന എല്ലാ അമ്മമാർക്കും 500/- രൂപ വീട്ടിൽ വച്ചുള്ള പ്രസവങ്ങൾക്കും നൽകുന്നു. സർക്കാർ ആശുപത്രികളിലെ ആശുപത്രി സൂപ്രണ്ടിൽ നിന്നോ ചാർജ്ജ് മെഡിക്കൽ ആഫീസറിൽ നിന്നോ ചെക്ക് കൈപ്പറ്റണം. അംഗീകൃത സ്വകാര്യ ആശുപത്രികളിലെ പ്രസവങ്ങൾക്ക് വരുമാന സർട്ടിഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റ് (പട്ടിക ജാതി/പട്ടിക വർഗ്ഗത്തിൽപ്പെടുന്നവർക്ക്) എന്നിവ ഹാജരാക്കി സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിലെ കോർഡിനേറ്ററിൽ നിന്ന് ചെക്ക് കൈപ്പറ്റാം<br>**രാഷ്ട്രീയ സ്വാസ്ഥ്യ ഭീമ യോജന (RSBY)**:- ടി സ്കീമിൽ ഉൾപ്പെട്ട ഗർഭിണി ആശുപത്രിയിൽ അഡ്മിറ്റ് ആകുന്ന മുറയ്ക്ക് പ്രസ്തുത ആനുകൂല്യം ലഭ്യമായി തുടങ്ങും. ടി പദ്ധതിയിലുൾപ്പെട്ട ഗർഭിണികൾക്ക് സൗജന്യ ഇൻഷുറൻസ്, യാത്രാനുകൂല്യം തുടങ്ങിയവ എ.പി.എൽ/ബി.പി.എൽ വ്യത്യാസമില്ലാതെ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ